# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 5302 — 31.10.2016 ൽ മറുപടിയ്ക്ക്

## മഞ്ചേഷിന്റെ ദുരൂഹ മരണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. കെ. കുഞ്ഞിരാമൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) കാസർഗോഡ് ഉദുമ പഞ്ചായത്ത് മുദിയക്കാൽ സ്വദേശി മഞ്ചേഷ് വയനാട് വൈത്തിരിയിലെ വൈത്തിരി വില്ലേജ് ലക്ഷ്വറി സ്പാ റിസോർട്ടിൽ 18.07.2015-ൽ ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട കേസ് മുൻ സർക്കാരിന്റെ കാലത്ത് സ്റ്റേറ്റ് ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;<br>(സി) ക്രൈംബ്രാഞ്ച് അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) & (സി) | കേസ് സ്റ്റേറ്റ് ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടില്ല. ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത വൈത്തിരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 333/2015 കേസ് വയനാട് ജില്ലാ ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി അന്വേഷണം നടത്തിവരുന്നു. |
| (ഡി) ക്രൈംബ്രാഞ്ച് അന്വേഷണം കുറ്റമറ്റ രീതിയിൽ നടത്തണമെന്നാവശ്യപ്പെട്ട് ആക്ഷൻ കമ്മിറ്റിയും പരേതന്റെ പിതാവും നൽകിയ ഹർജിയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | മഞ്ചേഷിന്റെ ദുരൂഹമരണം സംബന്ധിച്ച്, സത്യസന്ധമായ അന്വേഷണം നടത്തി കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, മരണപ്പെട്ട മഞ്ചേഷിന്റെ അമ്മ ആശ സർക്കാരിൽ സമർപ്പിച്ച 2 പരാതികളും, മഞ്ചേഷിന്റെ ദുരൂഹമരണത്തെ സംബന്ധിച്ച് ഉന്നതതല അന്വേഷണം ആവശ്യപ്പെട്ട് മഞ്ചേഷ് ആക്ഷൻ കമ്മിറ്റി കൺവീനർ പ്രതിഭാരാജൻ സർക്കാരിൽ സമർപ്പിച്ച ഒരു പരാതിയും സർക്കാരിൽ നിന്നും അന്വേഷണത്തിനായി സംസ്ഥാന ക്രൈംബ്രാഞ്ചിന് ലഭിച്ചിട്ടുണ്ട്. ആയവ ക്രൈംബ്രാഞ്ച് എച്ച്.എച്ച്.ഡബ്ല്യൂ-III, കോഴിക്കോട് പോലീസ് സൂപ്രണ്ട് മുഖാന്തിരം അന്വേഷണം നടത്തിയിട്ടുള്ളതും, ടി കേസിന്റെ അന്വേഷണം നടത്തുന്ന ജില്ലാ ക്രൈംബ്രാഞ്ചിന്റെ അന്വേഷണം ശരിയായ രീതിയിൽ ആണെന്നും, സംസ്ഥാന ക്രൈംബ്രാഞ്ച് അന്വേഷിക്കേണ്ട ആവശ്യമില്ലായെന്നും കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ